പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 1964 — 17.03.2015-ൽ മറുപടിക്ക്.

## അന്ധവിശ്വാസങ്ങളുടെ പേരിൽ ചികിത്സാ പീഡനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) അന്ധവിശ്വാസങ്ങളുടെ പേരിൽ സംസ്ഥാന വ്യാപകമായി നടക്കുന്ന വിവിധതരം ചികിത്സാ പീഡനങ്ങളും തുടർന്നുള്ള മരണങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | : (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്ധവിശ്വാസങ്ങളുടെ പേരിൽ വിവിധ തരം ചികിത്സാ പീഡനങ്ങളിൽ ഉൾപ്പെടാതിരിക്കുന്നതിന് ജനങ്ങൾക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്ക് ആവശ്യമായ ബോധവത്കരണം നടത്തിയും, ഇത്തരം ചികിത്സാ പീഡനങ്ങൾ നടത്തുന്നതിന് സാദ്ധ്യതയുള്ളവരെ കണ്ടെത്തി പ്രത്യേകം നിരീക്ഷിച്ചും, ജനങ്ങളെ വഞ്ചിക്കുന്ന ഇത്തരം പ്രവർത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ ആയത് അവസാനിപ്പിക്കുന്നതിന് കർശനമായ നിയമനടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. |
| (ബി) സംസ്ഥാനത്ത് എത്ര പേർ ഇത്തരം പീഡനങ്ങളിൽ കൊല്ലപ്പെട്ടു എന്നാണ് കണ്ടെത്തിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ; | : (ബി) സംസ്ഥാനത്ത് 3 പേർ ഇത്തരം പീഡനങ്ങളിൽ കൊല്ലപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. കൊല്ലം സിറ്റി -1, പത്തനംതിട്ട -1, മലപ്പുറം -1. |
| (സി) കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്തു; പോലീസ് സ്റ്റേഷൻ തിരിച്ചുള്ള കണക്ക് നൽകുമോ; | : (സി) |

കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം -3

| പോലീസ് സ്റ്റേഷൻ | അറസ്റ്റുചെയ്ത പ്രതികളുടെ എണ്ണം |
|---|---|
| കരുനാഗപ്പള്ളി (കൊല്ലം സിറ്റി) | 6 |
| പത്തനംതിട്ട പോലീസ് സ്റ്റേഷൻ (പത്തനംതിട്ട) | 6 |

| ചോദ്യം | ഉത്തരം |
|---|---|
| (ഡി) അന്ധവിശ്വാസങ്ങളുടെ പേരിൽ നടക്കുന്ന പ്രാകൃത ചികിത്സാരീതികളെക്കുറിച്ചു പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതുവരെ എത്ര പരാതികൾ ലഭിച്ചു; വിശദാംശങ്ങൾ നൽകുമോ? | : (ഡി) പത്തനംതിട്ട ജില്ലയിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഇതിൻമേൽ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ